## മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം,തിരുവനന്തപുരം ജോയിന്റ് ഡയറക്ടർ (ജി)യുടെ നടപടിക്രമം

വിഷയം:മെ.വി.വ-ജീവനകാര്യം-ലബോറട്ടറി ടെക്നിഷ്യൻ ഗ്രേഡ്I,റേഷിയോ പ്രൊമോഷൻ തീയതി പുതുക്കി അനുവദിക്കുന്നത് സംബന്ധിച്ച്:-

പരാമർശം:

1. ഈ ഓഫീസിൽ നിന്നുള്ള ഉത്തരവ് നം.എച്ച്1/11823/2014/മെ.വി.കാ തീയതി 23.12.2014.
2. ഈ ഓഫീസിൽ നിന്നും പ്രസിദ്ധീകരിച്ച ലബോറട്ടറി ടെക്നിഷ്യൻ ഗ്രേഡ് I ന്റെ താൽക്കാലിക സീനിയോറിറ്റി ലിസ്റ്റ് നം.എച്ച്1/34673/2016/മെ.വി.വ തീയതി.22.06.2017.
3. ഈ ഓഫീസിൽ നിന്നുള്ള കത്ത് നം.എച്ച്1/34673/2016/മെ.വി.വ തീയതി 22.06.2018.
4. ഈ ഓഫീസിൽ നിന്നും പ്രസിദ്ധീകരിച്ച ലബോറട്ടറി ടെക്നിഷ്യൻ ഗ്രേഡ് I ന്റെ അന്തിമ സീനിയോറിറ്റി ലിസ്റ്റ് നം.എച്ച്1/34673/2016/മെ.വി.വ തീയതി.28.11.2017.
5. 20.12.2017 പ്രാബല്യത്തിൽ പ്രസിദ്ധീകരിച്ച ലബോറട്ടറി ടെക്നിഷ്യൻ ഗ്രേഡ് II ന്റെ അന്തിമ സീനിയോറിറ്റി ലിസ്റ്റ്.
6. ഈ ഓഫീസിൽ നിന്നും പ്രസിദ്ധീകരിച്ച ലബോറട്ടറി ടെക്നിഷ്യൻ ഗ്രേഡ് II ന്റെ ഇതേ നമ്പർ അന്തിമ സീനിയോറിറ്റി ലിസ്റ്റ് തീയതി 12.10.2020
7. ഈ ഓഫീസിൽ നിന്നും റേഷിയോ പ്രൊമോഷൻ അനുവദിച്ചുനൽകിയ ഇതേ നമ്പർ ഉത്തരവ് തീയതി.11.12.2020.
8. ഈ ഓഫീസിൽ നിന്നും പ്രസിദ്ധീകരിച്ച ലബോറട്ടറി ടെക്നിഷ്യൻ ഗ്രേഡ് II ന്റെ ഇതേ നമ്പർ താൽക്കാലിക സീനിയോറിറ്റി ലിസ്റ്റ് തീയതി 30.06.2021.

**ഉത്തരവ് നം.എച്ച്1/4204/2019/ഡിഎംഇ തീയതി07/10/2021**

സൂചന (2) പ്രകാരം ഈ ഓഫീസിൽ നിന്നും ലബോറട്ടറി ടെക്നിഷ്യൻ ഗ്രേഡ് I തസ്തികയിൽ പ്രസിദ്ധീകരിച്ച താത്കാലിക സീനിയോറിറ്റി ലിസ്റ്റിന്മേൽ ശ്രീ.ദിലീപ് കെ,ശ്രീമതി.ബിൽഖീസ് ബീഗം എന്നിവരുടെ സീനിയോറിറ്റി സംബന്ധിച്ച് പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ വിശദമായ പരിശോധനകൾ നടത്തി,ഇരുവരുടെയും സീനിയോറിറ്റി പുനഃ നിർണയിച്ച് അന്തിമ സീനിയോറിറ്റി ലിസ്റ്റ് സൂചന (4)പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു.

ശ്രീ.ദിലീപ് കെ യുടെ നിയമന ശിപാർശയിലെ ക്രമം തെറ്റായി നിർണ്ണയിച്ചായിരുന്നു മുൻകാലങ്ങളിൽ സീനിയോറിറ്റി നൽകിയതും ഇദ്ദേഹത്തിന് ലാബോറട്ടറി ടെക്നിഷ്യൻ ഗ്രേഡ് I ആയി റേഷിയോ പ്രൊമോഷൻ നൽകിയതും.സൂചന (4)ഉത്തരവ് പ്രകാരം ശ്രീ.ദിലീപ് കെ യുടെ സീനിയോറിറ്റി പുനഃ നിർണ്ണയിച്ചുനൽകിയെങ്കിലും ഇയാൾക്ക് റേഷിയോ പ്രൊമോഷൻ അനുവദിച്ച നല്കിയ തീയതി സീനിയോറിറ്റിയ്ക്ക് ആനുപാതികമായി തിരുത്തിയിരുന്നില്ല. ഈ സാഹചര്യത്തിൽ സൂചന (1)ഉത്തരവ് പ്രകാരം ശ്രീ.ദിലീപ് കെ യ്ക്ക് ലബോറട്ടറി ടെക്നിഷ്യൻ ഗ്രേഡ് I ആയി 01.12.2013 പ്രാബല്യത്തിൽ അനുവദിച്ച റേഷിയോ സ്ഥാനക്കയറ്റം 17.12.2013 പ്രാബല്യത്തിൽ പുതുക്കി അനുവദിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

സൂചന(2)പ്രകാരം ഈ ഓഫീസിൽ നിന്നും പ്രസിദ്ധീകരിച്ച ലാബ് ടെക്നിഷ്യൻ ഗ്രേഡ് I തസ്തികയുടെ താൽക്കാലിക സീനിയോറിറ്റി ലിസ്റ്റിൽ ശ്രീമതി.ബിൽഖീസ് ബീഗത്തിന് 112 മത്തെ സ്ഥാനം നൽകിയിരുന്നു.ഇയാൾ 21.02.2004 ൽ ലബോറട്ടറി ടെക്നിഷ്യൻ ഗ്രേഡ് II തസ്തികയിൽ സേവനത്തിൽ പ്രവേശിച്ചവെങ്കിലും,പ്രസ്തുത തസ്തികയിൽ നിരീക്ഷണകാലം പൂർത്തീകരിക്കുന്നതിന് മുൻപ്, 21.03.2005 മുതൽ 19.07.2005 വരെയും 01.08.2005 മുതൽ 20.02.2008 വരെയും ശൂന്യവേതനാവധിയിൽ ആയിരുന്നതിനാൽ,ശൂന്യവേതനാവധി അവസാനിപ്പിച്ച് ഇയാൾ സേവനത്തിൽ തിരികെ പ്രവേശിച്ച 21.02.2008 തീയതി പ്രാബല്യത്തിൽ ഇയാളെ new entrant ആയി പരിഗണിക്കേണ്ടിയിരുന്നതും ടി.തീയതി മുതൽ മാത്രമാണ് ഇയാൾക്ക് സർവീസ് സീനിയോറിറ്റി അനുവദിക്കാൻ പാട്ടുണ്ടായിരുന്നതും.ഇയാളുടെ നിരീക്ഷണകാലം 21.02.2008 ൽ new entrant ആയി കണക്കാക്കിയാണ് പൂർത്തീകരിച്ച നൽകിയത്. എന്നാൽ 21.02.2004 കണക്കാക്കി ഇയാൾക്ക് സീനിയോറിറ്റിയും

ആയതിൻപ്രകാരം 01.12.2013 പ്രാബല്യത്തിൽ റേഷിയോ സ്ഥാനക്കയറ്റവും അനുവദിച്ച നൽകി.ഈ വിഷയങ്ങൾ ശ്രദ്ധയിൽപ്പെട്ടതിനാൽ സൂചന (4)പ്രകാരം പ്രസിദ്ധീകരിച്ച ലബോറട്ടറി ടെക്നിഷ്യൻ ഗ്രേഡ് I തസ്തികയുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ ശ്രീമതി ബിൽഖീസ് ബീഗത്തിന്റെ സീനിയോറിറ്റിക്ക് പരിഗണിക്കുന്ന സർവീസ് 21.02.2008 ആയി നിജപ്പെടുത്തി ഇയാൾക്ക് പ്രസ്തുത സീനിയോറിറ്റി ലിസ്റ്റിലെ അവസാന സ്ഥാനം(127) നൽകി.ഈ വിവരങ്ങൾ ഈ ഓഫീസിൽ നിന്നുള്ള സൂചന(3)കത്ത് പ്രകാരം ശ്രീമതി.ബിൽഖീസ് ബീഗത്തെ അറിയിച്ചിട്ടുള്ളതാകുന്നു.

പിന്നീട് സൂചന (5)പ്രകാരം ലബോറട്ടറി ടെക്നിഷ്യൻ ഗ്രേഡ് II തസ്തികയുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചപ്പോൾ പ്രസ്തുത ലിസ്റ്റിലെ ആദ്യ സ്ഥാനക്കാരെല്ലാം ശ്രീമതി.ബിൽഖീസ് ബീഗത്തിന്റെ സീനിയോറിറ്റിക്ക് പരിഗണിക്കുന്ന സർവീസ് 21.02.2008 ആയി കണക്കാക്കുമ്പോൾ ടിയാളെക്കാൾ മുൻഗണന നൽകേണ്ടവരാണെന്ന് കണ്ടെത്തി.ആയതിനാൽ ശ്രീമതി.ബിൽഖീസ് ബീഗത്തിന് സേവനത്തിൽ പ്രവേശിച്ച തീയതി 21.02.2004 കണക്കാക്കി 01.12.2013 പ്രാബല്യത്തിൽ ലബോറട്ടറി ടെക്നിഷ്യൻ ഗ്രേഡ് I തസ്തികയിൽ അനുവദിച്ച റേഷിയോ സ്ഥാനക്കയറ്റം റദ്ദാക്കി, 10.07.2014 പ്രാബല്യത്തിൽ പുതുക്കി അനുവദിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

ശ്രീ.ദിലീപ് കെ,ശ്രീമതി.ബിൽഖീസ് ബീഗം എന്നിവർക്ക് റേഷിയോ സ്ഥാനക്കയറ്റം അനുവദിച്ച നൽകിയ തീയതിയിൽ വ്യത്യാസം വരുത്തിയതിനോടനുബന്ധിച്ച് സൂചന (7)പ്രകാരം ഈ ഓഫീസിൽ നിന്നും ലബോറട്ടറി ടെക്നിഷ്യൻ ഗ്രേഡ് I തസ്തികയിൽ റേഷിയോ സ്ഥാനക്കയറ്റം പുതുക്കി അനുവദിച്ച നൽകിയ ഉത്തരവിൽ, ലിസ്റ്റ് I ലെ ചുവടെ പേര് ചേർക്കുന്ന ലബോറട്ടറി ടെക്നിഷ്യൻമാരുടെ റേഷിയോ സ്ഥാനക്കയറ്റതീയതി വീണ്ടും പുതുക്കി നൽകികൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

| ക്രമനമ്പർ | റേഷിയോ അനുവദിച്ച നൽകിയ ഉത്തരവിലെ ക്രമനമ്പർ | പേര് | ഗ്രേഡ് I ആയി റേഷിയോ പ്രൊമോഷൻ അനുവദിച്ച നൽകിയ തീയതി | റേഷിയോ പ്രൊമോഷൻ പുതുക്കി അനുവദിക്കുന്ന തീയതി |
|---|---|---|---|---|
| 1 | 1 | സിമി ജോസ് | 17.12.2013 | 01.12.2013. |
| 2 | 15 | സാജിത പി എം | 17.12.2013 | 01.12.2013. |
| 3 | 3 | ദിലീപ് കെ | 01.12.2013 | 17.12.2013. |
| 4 | 21 | വിലാസ് റാഫേൽ ഇ | 01.01.2014 | 17.12.2013. |
| 5 | 22 | ഷിബ്യ സി എം | 05.03.2014 | 01.01.2014. |
| 6 | 24 | ഷീജ സി | 01.04.2014 | 05.03.2014. |
| 7 | 28 | പ്രീണ പി പി | 01.05.2014 | 01.04.2014. |
| 8 | 29 | ബിജു ആർ | 01.06.2014 | 01.05.2014. |
| 9 | 30 | ശിവകുമാർ എസ് കെ | 10.07.2014 | 01.06.2014. |
| 10 | 13 | ബിൽഖീസ് ബീഗം | 01.12.2013 | 10.07.2014. |

സൂചന (6)പ്രകാരം ഈ ഓഫീസിൽ നിന്നും പ്രസിദ്ധീകരിച്ച ലബോറട്ടറി ടെക്നിഷ്യൻ ഗ്രേഡ് II തസ്തികയുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിലെ ലബോറട്ടറി ടെക്നിഷ്യൻ ഗ്രേഡ് II ശ്രീ.വിജിത്ത് വി,കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിലെ ലബോറട്ടറി ടെക്നിഷ്യൻ ഗ്രേഡ് II,ശ്രീമതി.ഷിൽന ഓ എസ് എന്നിവർ ഉൾപ്പെട്ടുവെങ്കിലും, ഇവർ എൻട്രി തസ്തികയിൽ നിരീക്ഷണകാലം പൂർത്തീകരിച്ചിട്ടില്ല എന്ന കാരണത്താൽ ലബോറട്ടറി ടെക്നിഷ്യൻ ഗ്രേഡ് I തസ്തികയിൽ സൂചന (7)പ്രകാരം നൽകിയ റേഷിയോ സ്ഥാനക്കയറ്റത്തിൽ പരിഗണിക്കപ്പെട്ടിട്ടില്ല.ഇപ്പോൾ ഇവർ എൻട്രി തസ്തികയിൽ

നിരീക്ഷണകാലം പൂർത്തിയാക്കി ഉത്തരവ് നേടിയതിനാൽ ഇവരെ ചുവടെ ചേർക്കും വിധം ലബോറട്ടറി ഗ്രേഡ് I ആയി റേഷിയോ സ്ഥാനക്കയറ്റം നൽകി ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേര് | ലബോറട്ടറി ടെക്നിഷ്യൻ ഗ്രേഡ് II തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച തീയതി | ലബോറട്ടറി ടെക്നിഷ്യൻ ഗ്രേഡ് I ആയി റേഷിയോ പ്രൊമോഷൻ അനുവദിയ്ക്കുന്ന തീയതി |
|---|---|---|---|
| 1 | ഷിൽന ഓ എസ് | 08.07.2015 | 01.05.2018. |
| 2 | റിജിത്ത് വി | 30.01.2013 | 27.06.2018. |

ശ്രീ.വിജിത്ത് വി, ശ്രീമതി.ഷിൽന ഓ എസ് എന്നിവർക്ക് മുൻ കാല പ്രാബല്യത്തോടെ ലബോറട്ടറി ടെക്നിഷ്യൻ ഗ്രേഡ് I തസ്തികയിൽ റേഷിയോ സ്ഥാനക്കയറ്റം അനുവദിച്ച നൽകിയ സാഹചര്യത്തിൽ സൂചന (7 )പ്രകാരം ഈ ഓഫീസിൽ നിന്നും ലബോറട്ടറി ടെക്നിഷ്യൻ ഗ്രേഡ് I തസ്തികയിൽ റേഷിയോ സ്ഥാനക്കയറ്റം അനുവദിച്ച നൽകിയ ഉത്തരവിൽ, ലിസ്റ്റ് II ലെ ചുവടെ പേര് ചേർക്കുന്ന ലബോറട്ടറി ടെക്നിഷ്യൻമാരുടെ റേഷിയോ സ്ഥാനക്കയറ്റതീയതി പുതുക്കി ക്രമീകരിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

| ക്രമനമ്പർ | റേഷിയോ അനുവദിച്ച നൽകിയ ഉത്തരവിലെ ക്രമനമ്പർ | പേര് | ഗ്രേഡ് I ആയി റേഷിയോ പ്രൊമോഷൻ അനുവദിച്ച നൽകിയ തീയതി | റേഷിയോ പ്രൊമോഷൻ പുതുക്കി അനുവദിയ്ക്കുന്ന തീയതി |
|---|---|---|---|---|
| 1 | 27 | ബിബിൻ റ്റി ആർ | 01.05.2018 | 01.06.2018. |
| 2 | 28 | ശാലിനി എസ് | 01.06.2018 | 04.06.2018. |
| 3 | 30 | ജിസ്ന കെ കെ | 04.06.2018 | 08.06.2018. |
| 4 | 31 | സീജ എ പി | 08.06.2018 | 01.08.2018. |
| 5 | 32 | സൗമ്യ പി എസ് | 27.06.2018 | 28.09.2018. |
| 6 | 33 | ജിഷ്മ വി എം | 01.08.2018 | 19.01.2019. |
| 7 | 34 | മനീഷ എം | 28.09.2018 | 01.02.2019. |
| 8 | 35 | രമ്യ സി ആർ | 19.01.2019 | 17.02.2019. |
| 9 | 36 | ദീപ്തി പി വി | 01.02.2019 | 23.02.2019. |
| 10 | 37 | ബിജിമോൾ പി കെ | 17.02.2019 | 01.03.2019. |
| 11 | 38 | രേഷ്മ ഇ ആർ | 23.02.2019 | 20.05.2019. |
| 12 | 39 | ഷൂഹൈബ് യു എസ് | 01.03.2019 | 01.07.2019 |
| 13 | 40 | ഷീബ ബി | 20.05.2019 | 09.08.2019 |
| 14 | 41 | ലിജീഷ് കെ എൽ | 01.07.2019 | 15.11.2019 |
| 15 | 42 | രശ്മി രാജ് ആർ എസ് | 09.08.2019 | 04.01.2020 |
| 16 | 43 | റിനീത് കെ യു | 15.11.2019 | 24.02.2020 |
| 17 | 44 | പ്രിയങ്ക നായർ | 04.01.2020 | 01.03.2020 |
| 18 | 45 | ഷൈനി കെ എ | 24.02.2020 | 09.04.2020 |
| 19 | 46 | രസ്യ രാജേന്ദ്രൻ | 01.03.2020 | 09.04.2020 |
| 20 | 47 | ബിന്ദു എച്ച് ആർ | 09.04.2020 | 08.05.2020 |
| 21 | 48 | ബിജുമോൻ കെ | 09.04.2020 | 28.05.2020 |

| | | | | |
|---|---|---|---|---|
| 22 | 49 | ചിഞ്ചു എൽ | 08.05.2020 | 01.06.2020 |
| 23 | 50 | മൃദുല കെ ആർ | 28.05.2020 | 01.06.2020 |
| 24 | 52 | ശ്രീജ രജനി കെ | 01.06.2020 | 28.09.2020 |

ചട്ടപ്രകാരം അനുവദനീയമായ സ്ഥാനക്കയറ്റ ആനുകൂല്യങ്ങൾ അനുവദിയ്ക്കുന്നതിനും സേവനപുസ്തകത്തിൽ വേണ്ട ചേർക്കലുകൾ വരുത്തുന്നതിനും ബന്ധപ്പെട്ട പ്രിൻസിപ്പാൾമാരെ ചുമതലപ്പെടുത്തുന്നു.

ഈ ഓഫീസിൽ നിന്നും സൂചന (8 ) പ്രകാരം പ്രസിദ്ധീകരിച്ച ലബോറട്ടറി ടെക്നിഷ്യൻ ഗ്രേഡ് I തസ്തികയുടെ താൽക്കാലിക സീനിയോറിറ്റി ലിസ്റ്റിന്മേൽ മുകളിൽ പരാമർശിച്ച മാറ്റങ്ങൾ ഉൾപ്പെടുത്തി അന്തിമമാക്കി ഉടൻ പ്രസിദ്ധീകരിക്കുന്നതാണ്.

**ANITA BALAN**
**JOINT DIRECTOR (GENERAL)**

<u>സ്വീകർത്താവ്</u>

പ്രിൻസിപ്പൽ,

1. ഗവ.മെഡിക്കൽ കോളേജ്/ദന്തൽ കോളേജ്,
   തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശൂർ, കോഴിക്കോട്,
   മഞ്ചേരി, ഇടുക്കി, കോന്നി, കൊല്ലം, എറണാകുളം.
2. ഡയറക്ടർ,
   റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഫ്താൽമോളജി , തിരുവനന്തപുരം.
3. വെബ് സൈറ്റ്/ഫയൽ